2822
8/2/17

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - കൽക്കട്ടയിലെ ഗുരുവായൂരപ്പൻ സമാജത്തിന്റെ കീഴിലുള്ള ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്രത്തിന് നിത്യപൂജകൾക്കായി 10 കിലോഗ്രാം ചന്ദനം അനുവദിച്ച് ഉത്തരവാകുന്നു.

---

**വനം വന്യജീവി (ബി) വകുപ്പ്**

സ.ഉ.(സാധാ)നം. 41/ 2017 /വനം          തീയതി, തിരുവനന്തപുരം, 02/02/2017.

---

പരാമർശം :- 1. 13.06.2007-ലെ സ.ഉ.(എം.എസ്)39/07/വനം. നമ്പർ ഉത്തരവ്.

2. 4/5/2016-ലെ സ.ഉ.(സാധാ)നമ്പർ 183/2016/വനം നമ്പർ ഉത്തരവ്.

3. കൽക്കട്ടയിലെ ഗുരുവായൂരപ്പൻ സമാജം ജനറൽ സെക്രട്ടറിയുടെ 14/10/2016-ലെ നിവേദനം.

4. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്)-ന്റെ 24.11.2016 -ലെ പ്രൊ(5)-7241/2016 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൽക്കട്ടയിലെ ഗുരുവായൂരപ്പൻ സമാജത്തിന് കീഴിലുള്ള ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്രത്തിന് നിത്യപൂജകൾക്കായി 5 കിലോഗ്രാം ഗാട്ട്ബദല ചന്ദനം പരാമർശം(2) പ്രകാരം അനുവദിച്ചുകൊണ്ട് ഉത്തരവായിരുന്നു. എന്നാൽ ക്ഷേത്രത്തിന്റെ നിത്യപൂജകൾക്കായി 10 കിലോഗ്രാം ചന്ദനം കൂടി അനുവദിക്കണമെന്ന് പരാമർശം(3) പ്രകാരം കൽക്കട്ട ഗുരുവായൂരപ്പൻ സമാജം ജനറൽ സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു.

2) ഗാട്ട്ബദല ക്ലാസ് V ഇനത്തിൽപ്പെട്ട 2858.96 കിലോഗ്രാം ചന്ദനം മറയൂർ ഡിവിഷനിൽ സ്റ്റോക്കുള്ളതായും, പരാമർശം(1)-ലെ വ്യവസ്ഥകൾക്ക് വിധേയമായും, സംസ്ഥാനത്തിന് പുറത്തുള്ള ആരാധനാലയം ആയതിനാൽ നിലവിലെ നിബന്ധനകൾ പ്രകാരം ഇളവ് അനുവദിക്കാവുന്നതാണെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്) പരാമർശം (4) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം(4)-ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ശുപാർശയുടെ അടിസ്ഥാനത്തിലും,പരാമർശം(1)-ലെ ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായും മറയൂർ

ചന്ദനം ഡിപ്പോയിൽ നിന്നും 10 കിലോഗ്രാം ഗാട്ട്ബദല ക്ലാസ് V ചന്ദനം ഏറ്റവും ഒടുവിൽ നടന്ന ചന്ദന ലേലത്തിന് പ്രസ്തുത വിഭാഗത്തിന് ലഭിച്ച ശരാശരി വിലയുടെ 125% വില കണക്കാക്കി അതിന്മേൽ 21% സെന്റേജ് ചാർജ്, നിലവിലുള്ള വികസന നികുതി, വിൽപ്പന നികുതി, മറ്റ് സർ ചാർജ്ജുകൾ, സെസ്സുകൾ, നിലവിലുള്ള വരുമാന നികുതി എന്നിവ ഈടാക്കിക്കൊണ്ടും 2012-ലെ വനഭേദഗതി നിയമപ്രകാരമുള്ള വ്യവസ്ഥകൾ അനുസരിച്ചും നിയമപ്രകാരമുള്ള ലൈസൻസ് കരസ്ഥമാക്കണമെന്ന നിർദ്ദേശത്തോടെയും കൽക്കട്ടയിലെ ഗുരുവായൂരപ്പൻ സമാജത്തിന് അനുവദിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം,

**പി. മാര പാണ്ഡ്യൻ. ഐ.എ.എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി.**

To:- അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്), തിരുവനന്തപുരം.
ജനറൽ സെക്രട്ടറി, ശ്രീ ഗുരുവായൂരപ്പൻ സമാജം, 3/1/1A, നകുലേശ്വർ, ഭട്ടാചർജി ലെയ്ൻ, കൊൽക്കട്ട-700 026.
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മറയൂർ.
പ്രിൻസിപ്പൽ & അക്കൗണ്ടന്റ് ജനറൽ (എ &ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

V.Beena

സെക്ഷൻ ഓഫീസർ.